(സി) ഇവയുടെ നവീകരണം കഴിയുമ്പോൾ അവയുടെ സ്ഥാപിതശേഷി എത്രയായി വർദ്ധിക്കുമെന്ന് പറയുമോ;

(ഡി) ഇവയുടെ നവീകരണം എന്നത്തേക്ക് നടത്താനുദ്ദേശിക്കുന്നു?

ഉത്തരം

(എ) അടിയന്തിരമായി നവീകരണം ആവശ്യമായ പദ്ധതികൾ ഒന്നും ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം

171 [184] *ശ്രീ. സി. ടി. അഹമ്മദ് അലി:*
„ *ചെർക്കളം അബ്ദുള്ള:*
„ *കളത്തിൽ അബ്ദുള്ള:*
„ *പി. കെ. കെ. ബാവ:*
„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വൈദ്യുതി രംഗം കൂടുതൽ സജീവമാക്കാൻ വോൾട്ടേജ് കമ്മിയായിട്ടുള്ള പ്രദേശങ്ങളിൽ പുതിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം നടപ്പിലാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഗ്രാമീണ വൈദ്യുതി രംഗം കൂടുതൽ സജീവമാക്കാൻ പുതിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം താഴെ പറയും പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) എന്ന പദ്ധതിയിൽ 9096 കിലോമീറ്റർ 11 കെ. വി. ലൈനുകളും 9298 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കൂടാതെ REC-യിൽ നിന്ന് വായ്പയെടുത്ത് Project Intensive Electrification (PIE), Project System Improvement (PSI) എന്നീ പദ്ധതികളിലും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രവർത്തികൾ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

ഇതോടൊപ്പം RGGVY എന്ന പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലകളിൽ ഏഴ് 66/11 കെ. വി. സബ്സ്റ്റേഷനുകളും, പതിനെട്ട് 33/11 കെ. വി. സബ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുവേണ്ട പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly